# പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 3710 19.02.2013-ൽ മറുപടിയ്ക്ക്

## വന സംരക്ഷണ സമിതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. മുരളീധരൻ<br>,, ഷാഫി പറമ്പിൽ<br>,, എ.റ്റി. ജോർജ്<br>,, പി.എ. മാധവൻ | ശ്രീ.കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) വനസംരക്ഷണ സമിതികളുടെചുമതലകളും കർത്തവ്യങ്ങളും എന്തെല്ലാമാണ് ; വിശദമാക്കുമോ ; | എ) പങ്കാളിത്ത വന പരിപാലന പ്രദേശത്തെ കയ്യേറ്റം, കാലിമേച്ചിൽ, കാട്ടുതീ, മരം മുറി, വേട്ടയാടൽ, മോഷണം എന്നിവയിൽ നിന്നും സംരക്ഷിക്കുക, അംഗീകൃത സൂക്ഷ്മാസൂത്രണരേഖ പ്രകാരമുള്ള പ്രവർത്തനങ്ങൾ എക്സിക്യൂട്ടിവ് കമ്മിറ്റി വഴിയായി നടപ്പാക്കുക, ഗ്രാമീണർക്ക് പ്രകൃതി സംരക്ഷണത്തിന്റെയും, വന സംരക്ഷണത്തിന്റെയും പ്രാധാന്യം മനസ്സിലാക്കിക്കൊടുക്കുക, പങ്കാളിത്ത വന പരിപാലന പരിപാടിയിൽ ഉൾപ്പെടാത്ത അയൽ വനപ്രദേശങ്ങളുടെയും സംരക്ഷണം ഉറപ്പാക്കുക, വന പരിപാലന കാര്യങ്ങൾക്ക് വനം വകുപ്പിന് എല്ലാ സഹായ സഹകരണങ്ങളും നൽകുക എന്നിവയാണ് വന സംരക്ഷണ സമിതികളുടെ ചുമതലകളും കർത്തവ്യങ്ങളും. |
| ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; | ബി) വനത്തിലും വനത്തോടുചേർന്നും താമസിക്കുന്ന ജനങ്ങളുടെ സഹകരണത്തോടെ പങ്കാളിത്ത വന പരിപാലനം നടത്തുക. വനാശ്രിത സമൂഹങ്ങളുടെ സാമ്പത്തികനില മെച്ചപ്പെടുത്തുക. വന സംരക്ഷണം കൂടുതൽ കാര്യക്ഷമമാക്കുക. സുസ്ഥിരത കൈവരിക്കുക തുടങ്ങിയവയാണ് വന സംരക്ഷണ സമിതികളുടെ പ്രധാന ഉദ്ദേശ്യങ്ങൾ. |
| സി) പ്രസ്തുത സമിതിക്ക് പ്രവർത്തനത്തിന് എന്തെല്ലാം സഹായങ്ങ | സി) ദേശീയ വനവൽക്കരണ പരിപാടി, ദേശീയ ബാംബൂ മിഷൻ പദ്ധതി, ദേശീയ ഔഷധസസ്യ ബോർഡ് പദ്ധതി, ഗ്രീൻ ഇൻഡ്യ മിഷൻ |

| | | | |
|---|---|---|---|
| | ളാണ് നൽകുന്നത് ; വിശദമാക്കുമോ ; | | തുടങ്ങിയ വനസംരക്ഷണവനവൽക്കരണ പദ്ധതികളിലൂടെ ലഭിക്കുന്ന സാമ്പത്തിക സഹായം, ഇക്കോ ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനുള്ള സാമ്പത്തിക സഹായം, വനശ്രീ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള സാമ്പത്തിക സഹായം തുടങ്ങിയവ വന വികാസ ഏജൻസികളുടെ മേൽ നോട്ടത്തിൽ വന സംരക്ഷണ സമിതികൾക്ക് നൽകി വരുന്നു. കൂടാതെ ചെറുകിട വനവിഭവങ്ങളെ ശാസ്ത്രീയമായി ശേഖരിക്കുന്നതിനും, സംസ്കരണം, മൂല്യവർദ്ധനവ് എന്നിവ നടത്തുന്നതിനായി വന സംരക്ഷണ സമിതി അംഗങ്ങൾക്ക് പരിശീലനം നൽകുന്നുണ്ട്. പദ്ധതി നടത്തിപ്പിലും, ദൈനം ദിന പ്രവർത്തനത്തിലും വന സംരക്ഷണ സമിതികൾക്ക് ആവശ്യമായ സാങ്കേതിക സഹായം വനം വകുപ്പ് നൽകി വരുന്നുണ്ട്. |
| ഡി) | സമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ? | ഡി) | വന സംരക്ഷണ സമിതികളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനായി വിവിധ വന വൽക്കരണ വനസംരക്ഷണ പരിപാടികൾ നടപ്പിലാക്കുന്നു. ഇവയിൽ പ്രധാനപ്പെട്ടവ ദേശീയ വനവൽക്കരണ പരിപാടി, ദേശീയ ബാംബൂ മിഷൻ പദ്ധതി, ദേശീയ ഔഷധസസ്യ ബോർഡ് പദ്ധതി, ഗ്രീൻ ഇൻഡ്യ മിഷൻ പദ്ധതി എന്നിവയാണ്. കൂടാതെ വന സംരക്ഷണ സമിതികൾ മുഖേന നടപ്പിലാക്കുന്ന ഇക്കോടൂറിസം പദ്ധതികളും, വനശ്രീ യൂണിറ്റുകളുടെ പ്രവർത്തനങ്ങളും കൂടുതൽ സ്ഥലങ്ങളിൽ വ്യാപിപ്പിക്കുകയും ചെയ്യുന്നുണ്ട്. കാട്ടുതീ തടയൽ പരിപാടികളിൽ വനസംരക്ഷണ സമിതികളുടെ പങ്കാളിത്തം ഉറപ്പു വരുത്തുകയും വനം വകുപ്പിന്റെ സാങ്കേതിക ഉപദേശം നൽകുക വഴിയും ഇവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ